# കേരളസർവകലാശാല

**Re-accredited by NAAC with A++ GRADE**

നം. പി.ആർ. **167/2026** തിരുവനന്തപുരം, തീയതി : **07/08/2026**

## <u>പത്രക്കുറിപ്പ്</u>

### <u>കേരള സർവകലാശാല പി.ജി & എം.ടെക് അഡ്മിഷൻ 2026</u>

### <u>സ്പോട്ട് അഡ്മിഷൻ</u>

കേരള സർവകലാശാലയിലെ പഠന വകുപ്പുകളിലെ എംഎ/എംഎസ്സി/ എംടെക്/എംകോം/എംഎഡ് എന്നീ പ്രോഗ്രാമുകളിൽ ഒഴിവുള്ള സീറ്റുകളിൽ സ്പോട്ട് അഡ്മിഷൻ 2026 ആഗസ്റ്റ് 10 ന് രാവിലെ 11 മണിക്ക് അതാത് പഠന വകുപ്പുകളിലായി നടക്കും. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ യോഗ്യതകൾ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസ്സൽ സഹിതം നിശ്ചയിച്ച സമയത്ത് അതാത് പഠനവകുപ്പുകളിൽ ഹാജരാകേണ്ടതാണ്.

ഒഴിവുള്ള പ്രോഗ്രാമുകളെക്കുറിച്ചും, ഒഴിവുകളുടെ എണ്ണം സംബന്ധിച്ചും വിശദവിവരങ്ങൾ അറിയുന്നതിനായി [https://admissions.keralauniversity.ac.in/css2026/] എന്ന ലിങ്ക് സന്ദർശിക്കുക.

ഒഴിവുള്ള വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ അഭാവത്തിൽ സ്പോട്ട് അഡ്മിഷന് ഹാജരാകുന്ന യോഗ്യതയുള്ള വിദ്യാർത്ഥികൾക്ക് സർവകലാശാല മാനദണ്ഡങ്ങൾ അനുസരിച്ച് അഡ്മിഷൻ നൽകുന്നതാണ്. വിശദവിവരങ്ങൾക്ക് ഫോൺ : 0471 2308328, മൊബൈൽ : 9188524612, ഇ-മെയിൽ : csspghelp2026@gmail.com.

കേരള സർവകലാശാല കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ രണ്ടാം വർഷ ബിടെക് കോഴ്സുകളിലെ (ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ, ഇൻഫർമേഷൻ ടെക്നോളജി, കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ്) ഒഴിവുള്ള ലാറ്ററൽ എൻട്രി സീറ്റുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ 2026 ആഗസ്റ്റ് 13 ന് രാവിലെ 10 മണി മുതൽ കോളേജ് ഓഫീസിൽ വച്ച് നടത്തുന്നതാണ്. LET യോഗ്യത ഉള്ളവർക്ക് പങ്കെടുക്കാവുന്നതാണ്. ഫോൺ: 9995142426, 9388011160, 9447125125.

കേരള സർവകലാശാല കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ ഒന്നാം വർഷ ബിടെക് കോഴ്സുകളിലെ (ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ, ഇൻഫർമേഷൻ ടെക്നോളജി, കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ്) ഒഴിവുള്ള സീറ്റുകളിലേക്ക് KEAM 2026 യോഗ്യതയുള്ള വിദ്യാർത്ഥികൾക്ക് സ്പോട്ട് അഡ്മിഷൻ 2026 ആഗസ്റ്റ് 13 ന് രാവിലെ 10 മണി മുതൽ കോളേജ് ഓഫീസിൽ വച്ച് നടത്തുന്നതാണ്. അതേ ദിവസം തന്നെ ഒഴിവുള്ള NRI (NON

KEAM) സീറ്റുകളിലേക്കും അഡ്മിഷൻ നടക്കുന്നതാണ്. ഫോൺ: 9995142426, 9388011160, 9447125125.

## പരീക്ഷാഫലം

കേരള സർവകലാശാല 2026 മാർച്ചിൽ നടത്തിയ ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്. ബിഎ, ബിഎസ്‌സി, ബികോം (സപ്ലിമെന്ററി – 2021 – 2023 അഡ്മിഷൻ, മേഴ്സിചാൻസ് – 2013 & 2017 – 2020 അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2026 ആഗസ്റ്റ് 24 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## അപേക്ഷ ക്ഷണിക്കുന്നു

കേരള സർവകലാശാലയിലെ ജർമ്മൻ പഠന വിഭാഗം നടത്തുന്ന ജർമ്മൻ A2 (Deutsch A2) ഹ്രസ്വകാല കോഴ്സിനായി അപേക്ഷ ക്ഷണിക്കുന്നു. യോഗ്യത : പ്ലസ്ടു & ജർമ്മൻ A1/തത്തുല്യ യോഗ്യത, കോഴ്സ് ഫീസ് : 9000/-, കാലയളവ് : 80 മണിക്കൂർ (2 മുതൽ 3 മാസം), സമയം : 7.30 am - 9.00 am (തിങ്കൾ മുതൽ വെള്ളി വരെ), ആകെ സീറ്റുകൾ : 30, മിനിമം അപേക്ഷകൾ : 10, അപേക്ഷാ ഫീസ് 105/- രൂപയും രജിസ്ട്രേഷൻ ഫീസ് 105/- (തുക യൂണിവേഴ്സിറ്റി ക്യാഷ് കൗണ്ടറിലോ ഓൺലൈൻ മുഖേനയോ അടയ്ക്കാവുന്നതാണ്). അപേക്ഷാഫോം ജർമ്മൻ വിഭാഗത്തിന്റെ (University) വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ് (https://keralauniversity.ac.in/german). പൂരിപ്പിച്ച അപേക്ഷകൾ 2026 ആഗസ്റ്റ് 31 ന് വൈകുന്നേരം 4.00 മണിക്ക് മുമ്പായി പാളയം ക്യാമ്പസിലെ സെനറ്റ് ഹൗസിൽ പ്രവർത്തിക്കുന്ന ജർമ്മൻ പഠന വിഭാഗത്തിൽ സമർപ്പിക്കണം.

## ടൈംടേബിൾ

കേരള സർവകലാശാലയുടെ രണ്ടാം സെമസ്റ്റർ ബിവോക് സോഫ്ട്വെയർ ഡെവലപ്മെന്റ് (351), ജൂലൈ 2026 പ്രാക്ടിക്കൽ പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്ജ്)**

**E-mail:** For queries **helpdesk@keralauniversity.ac.in**/
**website: www.keralauniversity.ac.in**

***University information is available on*** **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**